## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5835** 30.07.2015 ൽ മറുപടിയ്ക്ക്

## പാരമ്പര്യേതര മേഖലയിൽ നിന്നുള്ള വൈദ്യുതിയുടെ അളവ്

**ചോദ്യം**

ശ്രീ.കെ.എൻ.എ.ഖാദർ :

(എ) സംസ്ഥാനത്ത് പാരമ്പര്യേതര മേഖലയിൽ നിന്ന് ഉത്പാദിപ്പിക്കുന്നതോ വാങ്ങുന്നതോ ആയ വൈദ്യുതിയുടെ അളവ് എത്ര ശതമാനമാണ്; റെഗുലേറ്ററി കമ്മീഷന്റെ വ്യവസ്ഥകൾ പ്രകാരം ഇത് എത്രയായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
( ഊർജ്ജ വകുപ്പ് മന്ത്രി)

(എ) 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചതും വാങ്ങിയതുമായ വൈദ്യുതിയുടെ അളവ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | റിന്യൂവബിൾ എനർജി സ്രോതസ്സ് | ഉത്പാദനം (Mu) | | | | |
|---|---|---|---|---|---|---|
| | | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
| 1. | ബോർഡിന്റെ സ്വന്തം ചെറുകിട ജലവൈദ്യുതി പദ്ധതികളിൽ നിന്നും കാറ്റാടി പദ്ധതികളിൽ നിന്നും | 379.75 | 324.75 | 301.95 | 440.71 | 415.90 |
| 2. | സ്വകാര്യ സംരംഭകരിൽ നിന്നും | 96.79 | 117.44 | 102.15 | 130.25 | 131.63 |
| | മൊത്തം | 476.54 | 442.19 | 404.10 | 570.96 | 547.53 |
| | RPO ശതമാനം | 3.38 | 2.85 | 2.47 | 3.35 | 3.07 |

റെഗുലേറ്ററി കമ്മീഷന്റെ 2010 വർഷത്തിലെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ റെഗുലേഷൻ പ്രകാരം, 2010-11 മുതൽ 2014-15 വരെയുള്ള കാലയളവുകളിലെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|
| RPO | 2.75 | 3.03 | 3.30 | 3.58 | 3.85 |

| | |
|---|---|
| (ബി) പ്രസ്തുത വിഹിതത്തിലെ കുറവ് മൂലം റഗുലേറ്ററി കമ്മീഷൻ സംസ്ഥാന വൈദ്യുത ബോർഡിന് ഏതെങ്കിലും തരത്തിലുള്ള പിഴകൾ ചുമത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ്; | (ബി) 2010-11 മുതൽ 2013-14 വരെയുള്ള കാലയളവിലെ ബോർഡിന്റെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ്, റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചതിനെക്കാൾ കുറവ് വന്നതുമൂലം, ടി കുറവിന് ആനുപാതികമായി നൂറ്റി ഇരുപത്തിയഞ്ച് കോടി രൂപ ഒരു പ്രത്യേക ഫണ്ടിൽ നിക്ഷേപിച്ച് റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ഉപയോഗപ്പെടുത്തണമെന്ന് കമ്മീഷൻ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് പ്രസ്തുത വിഹിതത്തിൽ കുറവുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (സി) കുറവിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.<br>(1) സംസ്ഥാനത്ത് മൺസൂൺ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതുമൂലം ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള ഉത്പാദനത്തിൽ കുറവുണ്ടായി.<br>(2) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റും റെഗുലേറ്ററി കമ്മീഷനും നടപ്പാക്കിയിട്ടുണ്ട്. എന്നിരുന്നാലും, സ്വകാര്യ സംരംഭകരിൽ നിന്നുള്ള ഉത്പാദനം തുലോം കുറവാണ്. നാളിതുവരെ 28.5 MW ചെറുകിട ജലവൈദ്യുത പദ്ധതികളും 32.9 MW കാറ്റാടി പദ്ധതികളുമാണ് സ്വകാര്യ സംരംഭകർ സ്ഥാപിച്ചിട്ടുള്ളത് |
| (ഡി) റഗുലേറ്ററി കമ്മീഷന്റെ വ്യവസ്ഥകൾ പാലിക്കുന്നതിനും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനും പാരമ്പര്യേതര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (ഡി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച വ്യവസ്ഥകൾക്കനുസരിച്ചുള്ള റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ്, നിറവേറ്റുന്നതിനും താഴെപ്പറയുന്ന നടപടികൾ ഇലക്ട്രിസിറ്റി ബോർഡ് മുഖേന സ്വീകരിച്ചിട്ടുണ്ട്.<br>(1) ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വന്തമായി സ്ഥാപിക്കുക.<br>(2) സംസ്ഥാനത്ത് സ്വകാര്യ സംരംഭകരിൽ നിന്നുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫിൽ വാങ്ങുക.<br>(3) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി പ്രോത്സാഹിപ്പിക്കുക.<br>(4) സംസ്ഥാന വൈദ്യുതി ഗ്രിഡുമായി കണക്ട് ചെയ്തിട്ടില്ലാത്ത സൗരോർജ്ജ |

ഉത്പാദകർക്ക് ഒരോ യൂണിറ്റിനും ഒരു രൂപ പ്രോത്സാഹനമായി നൽകുക. ഇത്തരം ഉത്പാദനം കെ.എസ്.ഇ.ബി യുടെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റിൽ ചേർക്കുന്നതിന് കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.

(5) ഗ്രിഡുമായി കണക്ട് ചെയ്തിട്ടുള്ള സൗരോർജ്ജ ഉത്പാദകർക്ക് ടി വൈദ്യുതി അവരുടെ ഉപയോഗം കഴിഞ്ഞുള്ളവ ബാങ്ക് ചെയ്യുന്നതിനും, മറ്റ് അവസരത്തിൽ ഉപയോഗിക്കുന്നതിനും സൗകര്യം ചെയ്തു വരുന്നു. കൂടാതെ, ടി ഉത്പാദകരിൽ നിന്നും ഗ്രിഡിലേയ്ക്ക് നൽകുന്ന അധിക വൈദ്യുതി ബോർഡിന്റെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റിൽ ഉൾപ്പെടുത്തുന്നതിനും കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.

(6) കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് 200 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർപാർക്ക് കാസർഗോഡ്, സ്ഥാപിക്കുന്നതിനുള്ള ഒരു കരാറിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ വഴി ഇനിയുള്ള വർഷങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ് ബോർഡിന് നിറവേറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ